## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6401 — 08.07.2014 ൽ മറുപടിയ്ക്ക്

### പരിസ്ഥിതിലോല പ്രദേശങ്ങളിലെ ക്വാറികളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | പരിസ്ഥിതിലോലമെന്ന് കണ്ടെത്തിയ വില്ലേജുകളിൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോയെന്നും എങ്കിൽ എത്ര വില്ലേജുകളിൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ; | (എ) 20.5.14 ലെ കണക്കനുസരിച്ച് പരിസ്ഥിതിലോലമെന്ന് കണ്ടെത്തിയ 48 വില്ലേജുകളിൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പരിസ്ഥിതിലോലമെന്ന് കണ്ടെത്തിയ വില്ലേജുകളിലെ ക്വാറികളുടെ പ്രവർത്തനം നിരോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 13.11.2013 ലെ ഓഫീസ് മെമ്മോറാണ്ടം നിഷ്കർഷിച്ചപ്രകാരം പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ഒരു വർഷം വരെ കാലാവധിയുള്ള ക്വാറിയിങ് പെർമിറ്റുകൾ കാലാവധി തീരുന്ന മുറയ്ക്ക് നിർത്തലാക്കണമെന്നും ക്വാറിയിംഗ് ലീസുകളുടെ കാലാവധി അവസാനിക്കുകയോ, 17.4.2013 മുതൽ 5 വർഷമോ ഏതാണ് ആദ്യം വരുന്ന മുറയ്ക്ക് ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണെന്നും 21.11.2013 ന് മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാ അനധികൃത ക്വാറികളും |

| | | | |
|---|---|---|---|
| | | | അടച്ചുപൂട്ടാൻ30.05.2014ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലൂടെ (G.O(Ms) No.07/14/Envt) എല്ലാ ജില്ലാകളക്ടർ മാർക്കും മൈനിംഗ് ആന്റ് ജിയോളജി, പഞ്ചായത്ത് വകുപ്പുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ക്വാറികൾ ആരംഭിക്കുന്നതിന് പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ക്വാറികൾ ആരംഭിക്കുന്നതിന് പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ വ്യവസായ വകുപ്പ് അത്തരം അനുമതി നേടുന്നതിന് 10.1.2014 ലെ ഉത്തരവ് വഴി ഒരു വർഷത്തെ ഇളവു നൽകിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിസ്ഥിതിലോലമെന്നു കണ്ടെത്തിയ മേഖലകളിൽ ഏതെങ്കിലും ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പരിസ്ഥിതിലോലമെന്നു കണ്ടെത്തിയ മേഖലകളിൽ 21.11.2013 ന് ശേഷം ഖനനാനുമതികൾ പുതുക്കി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ